(ബി) 50 സെൻറ് സ്ഥലം

(സി) ഇല്ല. പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ.

(ഡി) ഉദിക്കുന്നില്ല.

ഉദ്യോഗസ്ഥൻമാർക്കുവേണ്ടി പണി കഴിപ്പിച്ചിട്ടുള്ള ഫ്ളാറ്റുകൾ

2000 [3083] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥൻമാർക്കു വേണ്ടി എത്ര ഫ്ളാറ്റുകൾ പണി കഴിപ്പിച്ചിട്ടുണ്ട്;

(ബി) എവിടെയെല്ലാം?

ഉത്തരം

(എ) ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്കുള്ള വാടക വീട് പദ്ധതിയനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 200 ഫ്ളാറ്റുകൾ പണികഴിപ്പിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരത്ത് പൂജപ്പുര ജയിൽ കോമ്പൗണ്ടിലും ജവഹർ നഗറിലും, കൻേറാൺമെൻറ് ഹൗസിനു സമീപവും.

പൊതുവേദന നിർമ്മാണ പദ്ധതി അനുസരിച്ച് നൽകിയ വീടുകൾ

2001 [3084] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവേദനനിർമ്മാണ പദ്ധതിയനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് വീട് നൽകിയിട്ടുണ്ട്;

(ബി) എത്രപേർക്ക് വീട് വയ്ക്കാൻ സ്ഥലം നൽകിയിട്ടുണ്ട്; എത്രപേർക്ക് ഫ്ളാറ്റ് നൽകി?

ഉത്തരം

(എ) 262 വീടുകൾ നൽകിയിട്ടുണ്ട്.

(ബി) 1079 പേർക്ക് വീടുവയ്ക്കാൻ സ്ഥലവും 706 ഫ്ളാറ്റുകളും നൽകിയിട്ടുണ്ട്.

പട്ടാമ്പി ആസ്ഥാനമാക്കി താലൂക്ക്

2002 [3085] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി, തൃത്താല, ഫർക്കകൾ ഉൾപ്പെടുത്തി പട്ടാമ്പി ആസ്ഥാനമാക്കി താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പ്രദേശത്തെ സർവ്വതോൻമുഖമായ വികസനത്തിനു ഉതകുന്ന പട്ടാമ്പി താലൂക്ക് രൂപീകരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കുന്നതാണ്.

വിദേശ ഇന്ത്യക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതി

2003 [3089] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. ടി. അഹമ്മദ് അലി:
,, കെ. പി. എ. മജീദ്:
,, നാലകത്ത് സൂപ്പി:
,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ ഇന്ത്യക്കാർക്കായുള്ള പ്രത്യേക ഭവനനിർമ്മാണ പദ്ധതി പ്രകാരം എത്രപേർ രജിസ്റ്റർ ചെയ്തു;

(ബി) രജിസ്റ്റർ ചെയ്തവരിൽ എത്രപേർ അപേക്ഷ സമർപ്പിച്ചു;

(സി) അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർക്ക് അലോട്ടുമെൻറായി;

(ഡി) അലോട്ടുമെൻറായതിൽ വീടുകൾ എത്ര, ഫ്ളാറ്റുകൾ എത്ര; പ്ലോട്ടുകൾ എത്ര?

ഉത്തരം

(എ) 301 പേർ രജിസ്റ്റർ ചെയ്തു.

(ബി) കൊച്ചി കേന്ദ്രത്തിലെ തൃക്കാക്കര ഹൗസിംഗ് സ്കീമിൽ 60 പേരും തിരുവല്ല ഹൗസിംഗ് സ്കീമിൽ 16 പേരും സെയിൽ പ്ലോട്ടിനുവേണ്ടിയും തിരുവല്ലയിൽ മൂന്നുപേർ ഫ്ളാറ്റിനുവേണ്ടിയും അപേക്ഷിച്ചിട്ടുണ്ട്.

(സി) 56 പേർക്ക് അലോട്ടുമെൻറായി

(ഡി) തിരുവല്ലായിലും കൊച്ചി കേന്ദ്രത്തിൽ തൃക്കാക്കരയിലും യഥാക്രമം 18-ഉം 38-ഉം സെയിൽ പ്ലോട്ടുകളാണ് അലോട്ട് ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ വീടോ ഫ്ളാറ്റോ ഇതുവരെ ആർക്കും അലോട്ട് ചെയ്തിട്ടില്ല.

വനഭൂമിയിലെ കൈവശ കൃഷിക്കാരെ സംബന്ധിച്ച വിവരം

2004 [2090] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭൂമിയിലെ കൈവശകൃഷിക്കാരെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെൻറ് ആവശ്യപ്പെട്ട വിശദീകരണങ്ങൾ സംസ്ഥാന ഗവൺമെൻറ് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly